"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

www.keralaprisons.gov.in

പ്രിസൺസ് &കറക്ഷണൽ
സർവ്വീസസ്, കേരളം

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം
0471-2342532
keralaprisons@gov.in

സർക്കുലർ നം -13/2026

സൂചന: 15.10.2026, 17.10.2026, 30.10.2026, 04.11.2026 തീയതികളിലെ ആഭ്യന്തര (ജി) വകുപ്പിന്റെ പി.എസ്/178/2026-ആഭ്യന്തരം നമ്പർ കത്തുകൾ

30.09.2026 വരെ സെക്രട്ടേറിയറ്റിലും വിവിധ വകുപ്പ് മേധാവികളുടെ കാര്യാലയങ്ങളിലും മറ്റ് സർക്കാർ ഓഫീസുകളിലും തീർപ്പാക്കാതെ ശേഷിക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി 15.10.2026 മുതൽ 31.12.2026 വരെ 'ജനസ്പർശം–കേരളം' എന്ന പേരിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുകയാണ്. ദീർഘകാലമായി തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ കണ്ടെത്തി, കാലതാമസത്തിനുള്ള കാരണങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് ഫയൽ കൂടിശ്ശിക കുറയ്ക്കുകയാണ് അദാലത്തിന്റെ ലക്ഷ്യം.

II. ഇതിന്റെ ഭാഗമായി ജയിൽ ആസ്ഥാനകാര്യാലയത്തിനു കീഴിലുള്ള എല്ലാ മേഖല ഡി ഐ ജി ഓഫീസുകൾ, മറ്റ് ജയിൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ 30.09.2026 വരെയുള്ള ഫയൽ പെൻഡൻസി അടിയന്തരമായി പരിശോധിക്കേണ്ടതാണ്. അദാലത്തിന്റെ ഭാഗമായി തീർപ്പാക്കേണ്ട ഫയലുകൾക്ക് മുൻഗണന നൽകി പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട എല്ലാ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.

III. അദാലത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിനും ആവശ്യമായ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനുമായി എല്ലാ സ്ഥാപനങ്ങളിലും നോഡൽ ഓഫീസറെയും നോഡൽ സെക്ഷനെയും നിയോഗിക്കേണ്ടതാണ്. കൂടാതെ, ആസ്ഥാനകാര്യാലയത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിലെയും കീഴിലുള്ള ഓഫീസുകളിലെയും നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. അതിനായി ഓരോ മേഖലയിലുമുള്ള ജയിൽ സ്ഥാപനങ്ങളിലേയും നോഡൽ ഓഫീസർമാരുടെ പേര്, തസ്തിക, വാട്സാപ്പ് ഉപയോഗിക്കുന്ന മൊബൈൽ നമ്പർ, ബന്ധപ്പെടനുള്ള മൊബൈൽ നമ്പർ എന്നിവ ശേഖരിച്ച് ക്രോഡീകരിച്ച് 2 ദിവസത്തിനകം റിപ്പോർട്ട് നൽകാൻ മേഖലാ ഡി ഐ ജി -മാർ ശ്രദ്ധിക്കേണ്ടതാണ്.

IV. പ്രസ്തുത വാട്സ്ആപ്പ് ഗ്രൂപ്പുകൾ മുഖേന അദാലത്തുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വേഗത്തിൽ കൈമാറുന്നതിനും ഫയൽ പെൻഡൻസി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

V. അതിനാൽ, എല്ലാ ഓഫീസ് മേധാവികളും ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കേണ്ടതും, മേഖല ഡി ഐ ജി മാർ തങ്ങളുടെ കീഴിലുള്ള എല്ലാ ജയിൽ സ്ഥാപനങ്ങളിലും ഫയൽ പെൻഡൻസി നിരന്തരം വിലയിരുത്തി ഇത് സംബന്ധമായ

File No. KPCS/5803/2026-E7 (Computer No. 444416)
Generated from eOffice by Anukripa Suresh K, E7 PRHQ KPCS, E7 PRHQ KPCS, KERALA PRISONS on 12/11/2026 10:40 AM

റിപ്പോർട്ട് ആഴ്ചയിലൊരിക്കൽ ആസ്ഥാനകാര്യാലയത്തിൽ സമർപ്പിക്കേണ്ടതും അദാലത്തിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

VI. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെയും ആഭ്യന്തര (ജി) വകുപ്പിന്റെ മേൽപ്പറഞ്ഞ കത്തുകളുടെയും പകർപ്പുകൾ തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. പ്രസ്തുത ഉത്തരവുകളിലും കത്തുകളിലും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്

RAJEEV T R
DIG (HQ) (i/c)

സ്വീകർത്താവ്:-

1. എല്ലാ മേഖലാ ഡി.ഐ.ജി.മാർക്കും.
2. എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

File No. KPCS/5803/2026-E7 (Computer No. 444416)

Generated from eOffice by Anukripa Suresh K, E7 PRHQ KPCS, E7 PRHQ KPCS, KERALA PRISONS on 12/11/2026 10:40 AM